14953
10/7/17

കേരള സർക്കാർ

സംഗ്രഹം

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി - കൊല്ലം പരവൂർ പുറ്റിങ്ങൽ ക്ഷേത്രത്തിലെ വെടിക്കെട്ടപകടത്തിൽ പരിക്കേറ്റവരെ ചികിത്സിച്ച ഇനത്തിൽ ചെലവായ തുകയുടെ ബില്ലുകൾ പാസ്സാക്കിയും തുക ബന്ധപ്പെട്ട ആശുപത്രികൾക്ക് നല്കുന്നതിന് കൊല്ലം ജില്ലാ കളക്ടർക്ക് അനുമതി നല്കിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

റവന്യൂ (ഡി ആർ എഫ് - എ) വകുപ്പ്

**ജി.ഒ.(ആർ.റ്റി) നമ്പർ : 2790/2017/റവ. തിരുവനന്തപുരം തീയതി, 22.06.2017**

പരാമർശം:- 1)20.04.2016 ലെ സ.ഉ.(കൈ)304/2016/റവ നമ്പർ ഉത്തരവ്
2)19.10.2016 ലെ സ.ഉ.(സാധാ)4375/2016/റവ നമ്പർ ഉത്തരവ്.
3)02.02.2017 ലെ സ.ഉ.(കൈ)39/2017/റവ നമ്പർ ഉത്തരവ്
4)27.04.2017 ലെ സ.ഉ.(കൈ)138/2017/റവ നമ്പർ ഉത്തരവ്
5)03.2017 ലെ കൊല്ലം ജില്ലാ കളക്ടറുടെ എൻ.7/32000/2016 (1,2&3) നമ്പർ കത്തുകൾ.

## ഉത്തരവ്

കൊല്ലം പരവൂർ പുറ്റിങ്ങൽ ക്ഷേത്രത്തിലെ വെടിക്കെട്ടപകടത്തിൽ മരിച്ചവരുടെ കുടുംബങ്ങൾക്ക് 6 ലക്ഷം രൂപ വീതവും ഗുരുതരമായി പരിക്കേറ്റവർക്ക് 2 ലക്ഷം രൂപ വീതവും നിസ്സാര പരിക്കേറ്റവർക്ക് 50000 രൂപ വീതവും പരാമർശം (1) പ്രകാരം അനുവദിച്ചിരുന്നു. ഗുരുതരമായി പരിക്കേറ്റവർക്ക് സ്വകാര്യ ആശുപത്രികളിൽ സൗജന്യ ചികിത്സ നല്കുവാനും സർക്കാർ തീരുമാനിച്ചിരുന്നു. ആയതനുസരിച്ച് ജില്ലാ മെഡിക്കൽ ഓഫീസർ സൂക്ഷ്മ പരിശോധന നടത്തിയ സ്വകാര്യ ആശുപത്രികളുടെ 25,49,790/- രൂപയുടെ ബില്ലുകൾ പരാമർശം (2) പ്രകാരം പാസ്സാക്കി ഒന്നാം ഘട്ടമായും 42,87,560/- രൂപയുടെ ബില്ലുകൾ പരാമർശം (3) പ്രകാരം പാസ്സാക്കി രണ്ടാം ഘട്ടമായും 39,98,644/-,64,40,958/- എന്നീ തുകയുടെ ( കൊല്ലം, തിരുവനന്തപുരം) ബില്ലുകൾ പരാമർശം (4)പ്രകാരം പാസ്സാക്കി മൂന്നാം ഘട്ടമായും അനുവദിച്ചിരുന്നു.

2) തുടർന്ന് ജില്ലാ മെഡിക്കൽ ഓഫീസർ സൂക്ഷ്മ പരിശോധന നടത്തിയ സ്വകാര്യ ആശുപത്രികളിലെ 26,86,585/- രൂപയുടെ ബില്ലുകൾ പാസ്സാക്കി തുക നല്കുന്നതിനുള്ള അനുമതിയ്ക്കായി പരാമർശം (5) പ്രകാരം കൊല്ലം ജില്ലാ കളക്ടർ സർക്കാരിൽ അപേക്ഷ സമർപ്പിച്ചു. ബില്ലിന്റെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| 1. കൊല്ലം കിംസ് ആശുപത്രി (40 പേർക്ക് ഒ.പി. വിഭാഗം ചികിത്സ ലഭ്യമാക്കിയതിന്) | - | 68,045/- |
| 2. കൊല്ലം ഹോളിക്രോസ് ആശുപത്രി (105 പേർക്ക് ഐ.പി & ഒ.പി. വിഭാഗം) | - | 15,01,474/- |
| 3. ആസ്റ്റർ മെഡിസിറ്റി ആശുപത്രി (ശ്രീ.പുഷ്പാനന്ദൻ, ചിറക്കരോട്ടു വീട്, പുനുക്കന്നൂർ, പെരുമ്പുഴ എന്നയാൾക്ക് ചികിത്സ ലഭ്യമാക്കിയതിന്.(ഐ.പി ) | - | 11,17,.066/- |
| ആകെ | - | 26,86,585/- |

=========

3) സർക്കാർ വിഷയം പരിശോധിച്ചു. കൊല്ലം പരവൂർ പുറ്റിങ്ങൽ ക്ഷേത്രത്തിലെ വെടിക്കെട്ടപകടത്തിൽ പരിക്കേറ്റവരെ ചികിത്സിച്ച ഇനത്തിൽ മുകളിൽ പറയുന്ന സ്വകാര്യ ആശുപത്രികൾക്ക് ചെലവായ **26,86,585/- (ഇരുപത്തിയാറ് ലക്ഷത്തി എൺപത്തിയാറായിരത്തി അഞ്ഞൂറ്റി എൺപത്തിയഞ്ച് രൂപ)** രൂപയുടെ ജില്ലാ മെഡിക്കൽ ഓഫീസർ സൂക്ഷ്മ പരിശോധന നടത്തിയ ബില്ലുകൾ പാസ്സാക്കിയും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും തുക അനുവദിച്ചുകൊണ്ടും ടി തുക ആശുപത്രി അധികൃതർക്ക് നല്കുന്നതിന് കൊല്ലം ജില്ലാ കളക്ടർക്ക് അനുമതി നല്കിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

4) ടി **26,86,585/- (ഇരുപത്തിയാറ് ലക്ഷത്തി എൺപത്തിയാറായിരത്തി അഞ്ഞൂറ്റി എൺപത്തിയഞ്ച് രൂപ)** 2075-00-800-40 Contribution to Chief Minister's Distress Relief Fund (NP) എന്ന ശീർഷകത്തിൽ നിന്നും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ ഖജാൻജിയായ ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേരിലുള്ള T.P.80 അക്കൗണ്ടിൽ നിന്നും തുക **കൊല്ലം ജില്ലാ കളക്ടർക്ക്** നൽകേണ്ടതും ജില്ലാ കളക്ടർ പ്രസ്തുത തുക അടിയന്തിരമായി ബന്ധപ്പെട്ട ആശുപത്രികൾക്ക് നൽകി വിവരം സർക്കാരിനെ അറിയിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പി.എച്ച്.കുര്യൻ,
അഡീഷണൽ ചീഫ് സെക്രട്ടറി

ജില്ലാ കളക്ടർ, കൊല്ലം.
ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി ഖജാൻജി)
ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
റവന്യൂ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്
ധനകാര്യ (ഫണ്ട്സ്) വകുപ്പ് / റവന്യൂ (ഡി ആർ എഫ് - ബി,സി) വകുപ്പ്
വിവര പൊതുജന സമ്പർക്ക (വെബ് / ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ